**A** **402**

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക മൂല്യനിർണയം 2019-20
## മലയാളം

ക്ലാസ് - 4 | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.................................................

വിദ്യാലയത്തിന്റെ പേര് .................................................

ഡിവിഷൻ.................................................

അധ്യാപകന്റെ ഒപ്പ് .................................................

രക്ഷിതാവിന്റെ ഒപ്പ് .................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | സംഭാഷണമെഴുതാം | |
| 3 | ആസ്വാദനക്കുറിപ്പ് | |
| 4 | കുറിപ്പെഴുതാം | |
| 5 | പോസ്റ്റർ | |
| 6 | കഥാപൂരണം | |
| | ഓവറാൾ ഗ്രേഡ് | |

**നിർദേശങ്ങൾ**

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചുമിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതുന്നതിന് ഇതിലെ സ്ഥലം മതിയാവുന്നില്ലെങ്കിൽ അധിക കടലാസ് ഉപയോഗിക്കാവുന്നതാണ്.

**പ്രവർത്തനം 1 - ഉത്തരമെഴുതാം**

കഥാഭാഗം ശ്രദ്ധയോടെ വായിക്കൂ.

> നേരം വല്ലാതെ വൈകി. സ്കൂളിൽ ബെല്ലടിച്ചിട്ടുണ്ടാവും. കൈയിൽ കുടയില്ല. ഈ മഴയൊന്ന് കുറഞ്ഞെങ്കിൽ! അബു പ്രാർഥിച്ചു. പക്ഷേ മഴയ്ക്ക് അവനോട് ദയ തോന്നിയതേയില്ല . അവൻ ഇറങ്ങിനടന്നു. കൂട്ടുകാരുടേതുപോലൊരു പുള്ളിക്കുട എത്ര പ്രാവശ്യം അബു സ്വപ്നം കണ്ടിരിക്കുന്നു! ഉമ്മയോടു പറഞ്ഞു പറഞ്ഞു മടുത്തു. ഉമ്മ കേട്ട ഭാവം നടിക്കുന്നതേയില്ല.
>
> നനഞ്ഞുകുതിർന്ന് ക്ലാസിന്റെ പടികയറുമ്പോൾ തീ പാറുന്ന നോട്ടവുമായി നിൽക്കുന്ന മീര ടീച്ചറായിരുന്നു അബുവിന്റെ മനസ്സിൽ. അവൻ ക്ലാസിന്റെ വാതിൽക്കൽ കണ്ണടച്ചുനിന്നു. "അബു നനഞ്ഞുപോയോ? വാ ഞാൻ തോർത്തിത്തരാം." കണ്ണു തുറക്കുമ്പോൾ ചേർത്തുപിടിച്ചുകൊണ്ട് ഒരു ചിരിയുമായി ഹെഡ്ടീച്ചർ! അപ്പോൾ അബു എന്തിനോ ഉമ്മയെ ഓർത്തുപോയി.

ഒന്നു മുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

1) 'മഴയ്ക്ക് അവനോട് ദയ തോന്നിയതേയില്ല' - എന്ന വാക്യത്തിന് ഈ കഥയിലെ അർഥമെന്ത്?

എ) മഴ പെയ്തതേയില്ല

ബി) മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു

സി) മഴ പെട്ടെന്ന് നിന്നു
ഡി) മഴയുടെ ശക്തി കുറഞ്ഞു

2) ഉമ്മ കേട്ട ഭാവം നടിക്കുന്നതേയില്ല- എന്തായിരുന്നു ഉമ്മയോടുള്ള അബുവിന്റെ ആവശ്യം?

എ) മഴക്കോട്ട്
ബി) മഴയത്ത് കളിക്കൽ
സി) മഴയുള്ളപ്പോൾ സ്കൂളിൽ പോകാതിരിക്കൽ
ഡി) പുള്ളിക്കുട

3) അവൻ നടന്നു നടന്ന് ക്ഷീണിച്ചു.അടിവരയിട്ടതിനു സമാനമായ ഏതു പ്രയോഗമാണ് കഥയിലുള്ളത്?

എ) മെല്ലെ മെല്ലെ
ബി) ഇറങ്ങിനടന്നു
സി) പറഞ്ഞു പറഞ്ഞ്
ഡി) കേട്ടു കേട്ട്

4) മഴയ്ക്ക് അവനോട് ദയ തോന്നിയതേയില്ല. അടിവരയിട്ട വാക്കിനു പകരം വയ്ക്കാവുന്ന പദം ഏത്?

എ) ശീതളം
ബി) കനിവ്
സി) തിങ്കൾ
ഡി) പീഡ

5) ക്ലാസിന്റെ പടി കയറുമ്പോൾ തീ പാറുന്ന നോട്ടവുമായി നിൽക്കുന്ന മീര ടീച്ചറായിരുന്നു അബുവിന്റെ മനസ്സിൽ - അടിവരയിട്ട പ്രയോഗം ശ്രദ്ധിച്ചല്ലോ. എന്തായിരിക്കും അപ്പോൾ ടീച്ചറുടെ ഭാവം?

എ) വാത്സല്യം
ബി) സ്നേഹം
സി) ചിരി
ഡി) ദേഷ്യം

പ്രവർത്തനം 2 - സംഭാഷണമെഴുതാം

'സ്നേഹം താൻ ശക്തി' എന്ന പാഠഭാഗത്തിൽ ലൈലയും കുട്ടനും മൈനയെ കണ്ടതും മാവിൻ കൊമ്പിലിരുന്ന് മൈന പാടിയപ്പോൾ ഉണ്ടായ അത്ഭുതവുമെല്ലാം ഓർമയുണ്ടല്ലോ. ലൈലയും കുട്ടനും ഇക്കാര്യം പിന്നീട് അവിടേക്കു വന്ന അമ്മയോടു പറഞ്ഞു. എന്തൊക്കെയായിരിക്കും അവർ തമ്മിൽ സംസാരിച്ചിരിക്കുക? എഴുതി നോക്കൂ.

പ്രവർത്തനം -3 ആസ്വാദനക്കുറിപ്പ്

**അമ്മക്കിളി**

*കൂട്ടരേ നോക്കുവിനമ്പഴക്കൊമ്പത്തെ*
*കൂട്ടിലെ പൈങ്കിളി മുട്ടയിട്ടു*
*എന്തു മിനുമിനുപ്പെന്തു മെഴുമെഴു-*
*പ്പെന്തൊരു കൊച്ചു രസക്കുടുക്ക*
*അമ്മക്കിളിയുടെ കണ്ണും കരളുമാ-*

ണിമ്മുട്ട തട്ടിയുടച്ചിടൊല്ലേ
നോമ്പുകളെത്ര നാൾ നോൽക്കണമീ വിത്തു-
കുഞ്ഞെടുത്തീടാനിക്കൊച്ചുപക്ഷി
കൂട്ടിലമർന്നു തൻ കൊക്കു പുറത്തേക്കു
നീട്ടി മിഴിയിണ പൂട്ടിടാതെ
പ്രാർഥന ചെയ്യുന്നു പാവമിപ്പെൺകിളി
പാത്തു ചെന്നാരും പിടിച്ചിടൊല്ലേ
വാത്സല്യച്ചൂടിനാൽ നീറട്ടെ മുട്ടകൾ
വാരുറ്റ തങ്കക്കൊടികളാവാൻ

*(കുന്നിമണികൾ)* *(വൈലോപ്പിള്ളി)*

കവിത ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്? അടയിരിക്കുന്ന കിളിയെക്കുറിച്ചും മുട്ടകളുടെ ഭംഗിയെക്കുറിച്ചുമൊക്കെ കവി എന്തൊക്കെയാണ് പറയുന്നത്?

- കവിതയിലെ വാക്കുകളുടെ ഭംഗി, നല്ല പ്രയോഗങ്ങൾ, ഇഷ്ടപ്പെട്ട വരികൾ എന്നിവ കൂടി ഉൾപ്പെടുത്തി ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

പ്രവർത്തനം 4 - കുറിപ്പെഴുതാം

- "വലിയ സ്നേഹത്തോടെ ചെയ്യുന്ന കൊച്ചു കാര്യങ്ങൾ പോലും വലിയ സന്തോഷവും സമാധാനവും കൊണ്ടുവരും." -മദർതെരേസ
- "നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല."- ഗാന്ധിജി

മുകളിൽ കൊടുത്ത മഹദ്‌വചനങ്ങളുടെ ആശയം വിശകലനം ചെയ്ത് സമാനമായ ഉദാഹരണങ്ങൾ കൂടി ചേർത്തുകൊണ്ട് ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം 5 - പോസ്റ്റർ

'പത്തായം' എന്ന പാഠം പഠിച്ചുകഴിഞ്ഞപ്പോൾ നീണ്ടകര യു.പി.സ്കൂളിലെ കാർഷികക്ലബ് അംഗങ്ങൾ നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ പണിയുന്നതിനെതിരെ പോസ്റ്റർ നിർമിക്കാൻ തീരുമാനിച്ചു. ഇത്തരം ഒരു പോസ്റ്റർ നിങ്ങളും നിർമിക്കൂ. ആവശ്യമായ ചിത്രങ്ങൾ ചേർക്കാൻ മറക്കരുതേ.

പ്രവർത്തനം 6 - കഥാപൂരണം

സ്കൂളിലേക്ക് ധൃതിയിൽ നടക്കുകയായിരുന്നു ദിയ. പെട്ടന്ന് വഴിയരികിലെ ഇലകൾക്കിടയിൽ ഒരനക്കം! അവൾ നിലത്തു കുനിഞ്ഞിരുന്ന് സൂക്ഷിച്ചുനോക്കി. ഒരു കുഞ്ഞുപക്ഷി! അതിന്റെ ചിറകിൽ നിന്ന് ചോരയൊലിക്കുന്നു. എന്തു ചെയ്യും?

നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് കഥയുടെ ബാക്കിഭാഗം പൂരിപ്പിക്കൂ.
ഉചിതമായ തലക്കെട്ടു നൽകാൻ മറക്കരുത്.